# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2873.

13-03-2018 ൽ മറുപടിയ്ക്ക്

## മാവേലിക്കര കരിങ്ങാലിൽച്ചാൽ പുഞ്ച കൃഷിയോഗ്യമാക്കി മാറ്റുന്നതിനായി പദ്ധതി

**ചോദ്യം**

ശ്രീ.ആർ. രാജേഷ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് കേരളത്തിൽ അധികമായി നെൽകൃഷി ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ സ്ഥലത്താണ് അധികമായി കൃഷി ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളത്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇക്കൊണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ പ്രകാരം 196870 ഏക്കർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നത് 2017-18-ൽ കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 220449 ഏക്കർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. 2016-17 വർഷത്തെയും 2017-18 വർഷത്തെയും ജില്ല തിരിച്ചുള്ള നെൽകൃഷി വിസ്തൃതി അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | മാവേലിക്കര മണ്ഡലത്തിലെ കരിങ്ങാലിൽച്ചാൽ പുഞ്ച കൃഷിയോഗ്യമാക്കി മാറ്റുന്നതിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്; എത്ര കോടി രൂപ ഇതിനായി അനുവദിച്ചു; അനുമതി ലഭ്യമായ പദ്ധതിയുടെ വിശദാംശംങ്ങൾ ലഭ്യമാക്കുമോ? | (ബി) | മാവേലിക്കര മണ്ഡലത്തിലെ കരിങ്ങാലിൽചാൽ പുഞ്ച കൃഷിയോഗ്യമാക്കി മാറ്റുന്നതിനായി 1.75 കോടി രൂപയുടെ പദ്ധതിയാണ തയ്യാറാക്കിയിരിക്കുന്നത്. 1.75 കോടി രൂപയും ഇതിനായി അനുവദിച്ചു. കരിങ്ങാലിൽചാൽ പുഞ്ച കൃഷിയോഗ്യമാക്കി മാറ്റുന്നതിനുള്ള അനുമതി ലഭിച്ച പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| ജില്ല | 2016-17 ലെ വിസ്തൃതി (ഇക്കൊണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ച കണക്ക്) | 2017-18 ലെ വിസ്തൃതി (പുഞ്ചകൃഷി ഉൾപ്പെടെ കൃഷി വകുപ്പിന്റെ കണക്ക്) |
|---|---|---|
| തിരുവനന്തപുരം | 1392 | 2663.278 |
| കൊല്ലം | 1302 | 3467.922 |
| പത്തനംതിട്ട | 2640 | 3591.2 |
| കോട്ടയം | 17216 | 20309.02 |
| ഇടുക്കി | 695 | 1520.5 |
| ആലപ്പുഴ | 32453 | 40282.49 |
| എറണാകുളം | 4730 | 5300.8403 |
| തൃശ്ശൂർ | 21100 | 22470.48 |
| പാലക്കാട് | 65513 | 90580 |
| മലപ്പുറം | 7140 | 8084.26 |
| കോഴിക്കോട് | 1987 | 3783.0043 |
| വയനാട് | 7822 | 9508.247 |
| കണ്ണൂർ | 4671 | 6083.146 |
| കാസർഗോഡ് | 2737 | 2804.988 |
| **ആകെ** | **171398** | **220449.375** |

സെക്ഷൻ ഓഫീസർ

# അനുബന്ധം-2

| നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ചുരക്കാവിനാൽ പാടശേഖരത്തിലെ ഭഗവാങ്കുളം, കല്ലുകുളം എന്നിവയുടെ പുനരുദ്ധാരണം | |
| 2 | ചുരക്കാവിനാൽ പാടശേഖരത്തിലേക്ക് റാമ്പ് 2 എണ്ണം | 10.15 |
| 3 | പി ഐ പി കനാൽ തീരുന്ന ചുരക്കാവിനാൽ പാടശേഖരത്തിൽ diversion pump നിർമ്മാണം | |
| 4 | വിളയിൽകടവ് പാടശേഖരത്തിൽ 10 എച്ച് പി സെന്റ്രിഫ്യൂഗൽ പമ്പ്, പമ്പ് ഹൗസ്, വൈദ്യുതീകരണം | 1.64493 |
| 5 | കരിങ്ങാലിൽ ചാൽ പ്രധാന ചാലിൽ 30 എച്ച് പി യുടെ വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പ്, പമ്പ് ഹൗസ്, വൈദ്യുതീകരണം | 86.51 |
| 6 | വലിയതുരുത്ത് പാടശേഖരത്തിൽ 30 എച്ച് പി 2 എണ്ണം വെർട്ടിക്കൽ ആക്സിയൽ പമ്പ്, പമ്പ് ഹൗസ്, വൈദ്യുതീകരണം | |
| 7 | മുണ്ടക്കൽ ഭാഗത്ത് പമ്പ് ഹൗസ്, വൈദ്യുതീകരണം | 1.69526 |
| 8 | പള്ളിമുക്കം തെക്ക് എ ബ്ലോക്ക് പള്ളിമുക്കം പാടശേഖരം കരത്തോട് നിർമ്മാണം, 20 എച്ച് പി പമ്പ് സെറ്റ്, പമ്പ് ഷെഡ്, പൈപ്പ് ലൈൻ, diversion pump | 75.00 |
| | **ആകെ** | **175.00** |

സെക്ഷൻ ഓഫീസർ